# വനിതാ ശിശുവികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ

(ഹാജർ : അനുപമ റ്റി വി, ഐ.എ.എസ്.)

**ഉത്തരവ് നം E5/6001/2020/WCD(1)** തിരുവനന്തപുരം, തീയതി : 23/03/2020

വിഷയം :- വനിതാ ശിശുവികസന വകുപ്പ് - ജീവനക്കാര്യം - കോവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങൾ - വനിതാ ശിശുവികസന വകുപ്പിലെ ജീവനക്കാരുടെ ജോലി സമയം, ഹാജർ എന്നിവയിൽ ക്രമീകരണം വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം :- സ.ഉ. (സാധാ) നം. 1247/2020/പൊ.ഭ.വ, തീയതി : 20/03/2020

കോവിഡ് 19 സംസ്ഥാനത്ത് റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ രോഗവ്യാപനം തടയുന്നതിനായി സംസ്ഥാനത്തെ സർക്കർ ഓഫീസുകളുടെ ജോലി സമയം, ജീവനക്കാരുടെ ഹാജർ എന്നിവ സംബന്ധിച്ച് ക്രമീകരണം വരുത്തി പരാമർശ പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവ് പ്രകാരം ഓരോ ആഫീസിലേയും ഗ്രൂപ്പ് ബി, സി, ഡി വിഭാഗത്തിലെ 50 ശതമാനം ജീവനക്കാർ ഒന്നിടവിട്ടുള്ള ദിവസങ്ങളിൽ ഹാജരായാൽ മതിയാകും.

ഈ സാഹചര്യത്തിൽ വനിതാ ശിശുവികസന വകുപ്പിലെ ജീവനക്കാരുടെ ജോലി സമയം, ജീവനക്കാരുടെ ഹാജർ എന്നിവ ക്രമീകരിക്കുന്നതിന് ചുവടെ പറയുന്ന മാർഗ്ഗനിർദ്ദേശം പുറപ്പെടുവിക്കുന്നു.

1. വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ജില്ലാ വനിതാ ശിശുവികസന ഓഫീസുകൾ, പ്രോഗ്രാം ഓഫീസുകൾ, ഐ.സി.ഡി.എസ്. പ്രോജക്ട് ഓഫീസുകൾ, വനിതാ പ്രൊട്ടക്ഷൻ ഓഫീസുകൾ എന്നിവിടങ്ങളിലെ 50 ശതമാനം ജീവനക്കാർ ഒന്നിടവിട്ടുള്ള ദിവസങ്ങളിൽ ഹാജരായാൽ മതിയാകും. ആയതിന് ആവശ്യമായ ക്രമീകരണം അതാത് കാര്യാലയ മേധാവികൾ നടത്തേണ്ടതാണ്.

2. വകുപ്പിന് കീഴിലെ വിവിധ ക്ഷേമസ്ഥാപനങ്ങളിലെ താമസക്കാർക്ക് ബുദ്ധിമുട്ട് ഉണ്ടാകാത്ത വിധം അതാത് സ്ഥാപനങ്ങളിലെ സൂപ്രണ്ട്മാർ ജീവനക്കാരുടെ ഹാജർ ക്രമീകരിക്കേണ്ടതാണ്. ജില്ലാ വനിതാ ശിശുവികസന ഓഫീസർമാർ ഇക്കാര്യം ഉറപ്പ് വരുത്തേണ്ടതുമാണ്. കഴിവതും ജീവനക്കാർ എന്നും മാറി വരുന്നതിന് പകരം കൂടുതൽ ദിവസത്തെ ഡ്യൂട്ടി ഒരുമിച്ച് ചെയ്യുന്ന വിധത്തിൽ ക്രമീകരിക്കേണ്ടതാണ്.

3. സംസ്ഥാനത്തെ അങ്കണവാടികളിലെ വർക്കർ – ഹെൽപ്പർമാരിൽ ഒരാൾ മാത്രം എല്ലാ ദിവസവും ഹാജരാകേണ്ടതും അങ്കണവാടി മുഖേന ഗുണഭോക്താക്കൾക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾക്ക് മുടക്കം ഉണ്ടകാതിരിക്കേണ്ടതുമാണ്. ആയതിന് ആവശ്യമായ ക്രമീകരണം അതാത് ശിശുവികസന പദ്ധതി ഓഫീസർമാർ നടത്തേണ്ടതാണ്.

4. വകുപ്പിന് കീഴിലെ സ്കൂൾ കൗൺസിൽമാരിൽ (ആര്യോഗ്യ വകുപ്പിന് കീഴിൽ ഡ്യൂട്ടി ചെയ്യുന്നവർ ഒഴികെ) 50 ശതമാനം പേർ ഒന്നിടവിട്ടുള്ള ദിവസങ്ങളിൽ ഹാജരായാൽ മതിയാകും. ആയതിന് ആവശ്യമായ ക്രമീകരണം അതാത് ശിശുവികസന പദ്ധതി ഓഫീസർമാർ നടത്തേണ്ടതാണ്.

5. ജില്ലാ ശിശുസംരക്ഷണ ഓഫീസിലെ കരാർ/ ദിവസവേതന ജീവനക്കാരിൽ 50 ശതമാനം ജീവനക്കാർ ഹാജരാകുന്ന രീതിയിൽ ഒന്നിടവിട്ടുള്ള ദിവസങ്ങളിൽ ക്രമീകരിക്കേണ്ടതാണ്. ഈ ക്രമീകരണം അതാത് ജില്ലാ ശിശുസംരക്ഷണ ഓഫീസർമാർ നടത്തേണ്ടതാണ്.

6. വകുപ്പിന് കീഴിലെ വിവിധ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന ആരോഗ്യ വകുപ്പിലെ ജീവനക്കാർ ആരോഗ്യ വകുപ്പിന്റെ നിർദ്ദേശാനുസരണം പ്രവർത്തി ചെയ്യേണ്ടതാണ്.

7. വകുപ്പിന്റെ ആസ്ഥാന കാര്യാലയത്തിലെ ജീവനക്കാരിൽ 50 ശതമാനം ജീവനക്കാർ ഒന്നിടവിട്ടുള്ള ദിവസങ്ങളിൽ ഹാജരായാൽ മതിയാകും. ആയതിന് ആവശ്യമായ ക്രമീകരണം ബന്ധപ്പെട്ട യൂണിറ്റ് ഓഫീസർമാരും സൂപ്രണ്ട്മാരും നടത്തേണ്ടതാണ്.

ആഫീസിൽ ജോലിയ്ക്ക് ഹാജരാകാത്ത ജീവനക്കാർ പരാമർശ സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾക്ക് വിധേയമായിട്ടാണ് അവധിയിൽ തുടരേണ്ടത്. സർക്കാരിന്റെ ഏതടിയന്തിരാവശ്യത്തിലും പ്രവർത്തിക്കാൻ എല്ലാ ജീവനക്കാരും തയ്യാറാകണം. ജില്ലാ ഭരണകൂടം മുഖേന കൊറോണ പ്രതിരോധ പ്രവർത്തനത്തിന് നിയോഗിക്കപ്പെട്ട ഉദ്യോഗസ്ഥർക്ക് ഈ ക്രമീകരണം ബാധകമായിരിക്കില്ല.

(ഒപ്പ്)
വനിതാ ശിശുവികസന ഡയറക്ടർ

എല്ലാ കീഴ് കാര്യാലയ മേധാവികൾക്കും
ഡയറക്ടറേറ്റിലെ എല്ലാ യൂണിറ്റ് ഓഫീസർമാർക്കും/ സൂപ്രണ്ട്മാർക്കും

<u>പകർപ്പ്</u>

1. അക്കൗണ്ടന്റ് ജനറൽ (കേരള), തിരുവനന്തപുരം. (ആമുഖ കത്ത് സഹിതം)
2. സൂപ്രണ്ട്, ഐ.റ്റി സെൽ (ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
3. സ്റ്റോക്ക് ഫയൽ/ സ്പെയർ

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്